**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4097**

**24.10.2016-ൽ**
**മറുപടിയ്ക്ക്**

## ധീർ ജവാൻ സുബിനേഷിന്റെ സഹോദരിയ്ക്ക് സർക്കാർ ജോലി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | കൊയിലാണ്ടിയിൽ ചേലിയ സ്വദേശി ധീർ ജവാൻ സുബിനേഷിന്റെ മാതാവിന് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എത്തിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ; | ധീരജവാൻ സുബിനേഷിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായമായി 10 ലക്ഷം രൂപ GO(Rt)No.2941/16/GAD dated 09.05.2016 പ്രകാരം, അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി. ശോഭനയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | കൊയിലാണ്ടിയിലെ ചേലിയ സ്വദേശി ധീർ ജവാൻ സുബിനേഷിന്റെ സഹോദരിയ്ക്ക് സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; ഇവർക്ക് ജോലി നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | ധീരജവാൻ സുബിനേഷിന്റെ സഹോദരി ശ്രീമതി. സുബിഷ. എ.എം-ന്, തൊഴിൽ സഹായമായി, കോഴിക്കോട് ജില്ലയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് GO(MS)No.66/16/GAD dated 09.05.2016 പ്രകാരം ഉത്തരവാകുകയും, പഞ്ചായത്ത് വകുപ്പിൽ, കോഴിക്കോട് ജില്ലയിൽ, ക്ലാർക്കിന്റെ ഒഴിവ് ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, 04.10.16-ലെ GO(MS)No.146/16/GAD സർക്കാർ ഉത്തരവ് പ്രകാരം, ശ്രീമതി. സുബിഷ. എ. എം-ന് പഞ്ചായത്ത് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലാർക്കായി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**